ശ്രീ. എൻ. ജി. ചാക്കോ: പൊതുജനങ്ങളുടെ സഹകരണം വേണമെന്നുള്ള വ്യവസ്ഥ ഈ കാര്യത്തിൽ മാറ്റുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ഇൻഡ്യാ ഗവണ്മെൻറാണ് തീരുമാനിക്കേണ്ടതു്. ഇൻഡ്യാഗവണ്മെൻറിൻെറ പ്രധാനമായ നിർദ്ദേശം പൊതുജനങ്ങളുടെ സഹകരണം ഈ കാര്യത്തിൽ അത്യാവശ്യമാണെന്നാണ്.

ആശുപത്രികളുടെ വികസനം.

* 205. [15] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യത്തിനു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ എത്ര ആശുപത്രികളുടെ വികസനം ഉൾപ്പെടുത്തിയിരുന്നു; ആശുപത്രികൾ ഏതെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): 8 ആശുപത്രികൾ.

1. സിവിൽ ആശുപത്രി, തൃശ്ശൂർ.
2. ഡിസ്പെൻസറി ആശുപത്രി, എറണാകുളം.
3. ഡിസ്പെൻസറി ആശുപത്രി, കൊല്ലം.
4. ഡിസ്പെൻസറി ആശുപത്രി, കോട്ടയം.
5. ഗവണ്മെൻറാശുപത്രി, മൂവാറ്റുപുഴ.
6. ഗവണ്മെൻറാശുപത്രി, ചങ്ങനാശേരി.
7. ഗവണ്മെൻറാശുപത്രി, ആലപ്പുഴ.
8. ഗവണ്മെൻറാശുപത്രി, മാവേലിക്കര.

ശ്രീ. യു. നീലകണ്ഠൻ: ഈ വികസനപദ്ധതികളിൽ ഗവണ്മെൻറ് എന്തെല്ലാമാണുദ്ദേശിക്കുന്നതു്?

ശ്രീ. എ. എ. റഹിം: കൂടുതൽ സൗകര്യങ്ങളും ആശുപത്രികളിൽ ഉണ്ടാക്കണമെന്നാണ് വികസനംകൊണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. യു. നീലകണ്ഠൻ: ചിറയിൻകീഴ് ആശുപത്രിയിൽ ആവശ്യമുള്ള എല്ലാ സജ്ജീകരണങ്ങളും ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെയൊരു നിവേദനം ഉണ്ടായിരുന്നു.

അയിത്തോച്ചാടനം.

* 206. [16] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിത്താചാരം നിർമ്മാർജ്ജനംചെയ്യുന്നതിനു് ആസൂത്രണം ചെയ്തിട്ടുള്ള പ്രചരണപദ്ധതിയനുസരിച്ചു് എന്തെങ്കിലും തുക കേന്ദ്രഗവണ്മെൻറിൽനിന്നു് തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly